# അബ്ദുല്ലാഹിബ്നു മസ്ഊദ് (رضي الله عنه)



**തയ്യാറാക്കിയത്:**

അബ്ദുൽഖാദിർ പുല്ലങ്കോട്

ചെറിയ കുട്ടിയായിരുന്ന കാലത്ത് ഉഖ്ബത്തിന്റെ ആടുകളെ മേയ്ക്കുകയായിരുന്നു എന്റെ ജോലി. ഒരു ദിവസം നബി(ﷺ)യും അബൂബക്കറും (ﷺ) എന്റെ മേച്ചിൽ സ്ഥലത്തിലൂടെ നടന്നുപോവുകയായിരുന്നു. അവർ എന്റെ അടുത്തുവന്നു. കുടിക്കാൻ കുറച്ചു പാൽ ആവശ്യപ്പെട്ടു.

ഞാൻ പറഞ്ഞു: 'ഈ ആടുകളുടെ ഉടമസ്ഥനല്ല ഞാൻ, എനിക്ക് പാൽ നൽകാൻ പാടില്ല.'

നബി (ﷺ) ചോദിച്ചു: 'എങ്കിൽ പ്രസവിക്കാത്ത ഒരാടിനെ കൊണ്ടുവരാമോ?'

ഞാൻ ഒരു ചെറിയ ആട്ടിൻ കുട്ടിയെ കാണിച്ചുകൊടുത്തു. നബി (ﷺ) അതിന്റെ അകിട് തടവിക്കൊണ്ട് അല്ലാഹുവിനോട് പ്രാർത്ഥിച്ചശേഷം, അബൂബക്കറി(ﷺ)ന്റെ കയ്യിലുണ്ടായിരുന്ന ഒരു കൽപാത്രത്തിലേക്ക് പാൽ കറന്നെടുത്തു. എന്തൊരത്ഭുതം! ആ ആട്ടിൻകുട്ടി പാൽ ചുരത്തി. ശുദ്ധമായ പാൽ.

അവർ അത് കുടിച്ചു ദാഹം തീർത്തു.

അതിന്റെ അകിട് സാധാരണനില പ്രാപിക്കുകയും ചെയ്തു.

ഇബ്നു മസ്ഊദി(ﷺ)ന്റെ ജീവിതം തന്നെ ഒരു വലിയ അത്ഭുതമായിരുന്നു. മക്കയിലെ പർവ്വത പ്രാന്തങ്ങളിൽ ആടുമേച്ചു ബാല്യം കഴിച്ച നിർധനനും വിദ്യാവിഹീനനും പാവപ്പെട്ടവനുമായ ഒരു കൃശഗാത്രൻ! അനന്തരം ചരിത്രത്തിൽ മായാത്ത സ്ഥാനം കരസ്ഥമാക്കി മുസ്‌ലിം സമുദായത്തിന്റെ നേതാവായിത്തീർന്നു.

നബി (ﷺ) അർഖമിന്റെ വീട്ടിൽ വെച്ചു പ്രബോധന പ്രവർത്തനമാരംഭിക്കുന്നതിന് മുമ്പ് തന്നെ ഇബ്നുമസ്ഊദ്(ﷺ) ഇസ്‌ലാമവംബിച്ചു.

ഇസ്‌ലാമിൽ പ്രവേശിച്ച ആറാമത്തെ വ്യക്തിയായിരുന്നു അദ്ദേഹം.

പരിശുദ്ധ ഖുർആൻ ആദ്യമായി ശത്രുക്കളുടെ സദസ്സിൽ ചെന്ന് ഉച്ചത്തിൽ ഓതിക്കേൾപ്പിച്ചത് ഇബ്നുമസ്ഊദ് (ﷺ) ആയിരുന്നു.

ഒരിക്കൽ നബി(ﷺ)യുടെ ചില അനുചരന്മാർ മക്കയിൽ ഇരിക്കുകയായിരുന്നു. അവർ പലതും സംസാരിച്ചുകൊണ്ടിരുന്നു. കൂട്ടത്തിൽ അവർ പറഞ്ഞു: ഖുറൈശികൾ നമ്മുടെ ഖുർആൻ ഉച്ചത്തിൽ ഓതിക്കേട്ടിട്ടില്ലല്ലോ. ആരാണ് അതൊന്ന് അവരുടെ സദസ്സിൽ പോയി കേൾപ്പിക്കുക?

ഇബ്നുമസ്ഊദ് (ﷺ) പറഞ്ഞു: ഞാൻ കേൾപ്പിക്കാം.

അവർ പറഞ്ഞു: നീ പോകരുത്. അവർ അക്രമത്തിന് മുതിർന്നാൽ അത് തടയാൻ പറ്റിയ ബന്ധുമിത്രാദികളുള്ള ആരെങ്കിലും പോകണം. അദ്ദേഹം പറഞ്ഞു: ഞാൻ തന്നെ പോകും. എന്നെ അല്ലാഹു രക്ഷിക്കും.

ഇബ്റാഹീം മഖാമിന്റെയടുത്ത് ഖുറൈശി പ്രമുഖർ ഇരിക്കുന്നുണ്ടായിരുന്നു. ഇബ്നുമസ്ഊദ്(ﷺ) കയറിചെന്നു. ഉച്ചത്തിൽ തന്റെ സുന്ദരമായ ശബ്ദത്തിൽ ബിസ്മി ചൊല്ലി.

'അർറഹ്മാൻ, അല്ലമൽ ഖുർആൻ........' സൂറത്തുർറഹ്മാൻ ഓതാൻ തുടങ്ങി.

'എന്താണാ ചെക്കൻ പറയുന്നത്' – അവർ തമ്മിൽതമ്മിൽ ചോദിച്ചു.

'അവൻ മുഹമ്മദിന്റെ ഖുർആൻ ഓതുകയാണ്' – ഒരാൾ പറഞ്ഞു.

അമ്പടാ, അത്രക്കായോ.

അവർ എഴുന്നേറ്റു ചെന്ന് ഇബ്നുമസ്ഊദിനെ പിടിച്ച് അടിച്ചു, മുഖം പൊട്ടിച്ചു.

അദ്ദേഹം രക്തമൊലിച്ചുകൊണ്ടു സ്നേഹിതന്മാരുടെ അടുത്ത് മടങ്ങി ചെന്നു. അവർ പറഞ്ഞു: 'ഞങ്ങൾ ഭയപ്പെട്ടത് തന്നെ സംഭവിച്ചു'.

ഇബ്നുമസ്ഊദ് (ﷺ) പറഞ്ഞു: 'അത് പ്രശ്നമല്ല. ഞാൻ വേണമെങ്കിൽ നാളെയും അവരുടെ അടുത്ത് ചെന്ന് ഇങ്ങനെ ഓതിക്കേൾപ്പിക്കും.'

ജീവിത ബഹളങ്ങളിൽ നിന്നെല്ലാം വിമുക്തനായ ഒരു പാവപ്പെട്ടനായിരുന്നു ഇബ്നുമസ്ഊദ്(ﷺ); പരമദരിദ്രനും.

ശാരീരികമായി മെലിഞ്ഞ് ഒട്ടി, നീളംകുറഞ്ഞ ആളും സ്ഥാനമാനങ്ങളിൽ അപ്രശസ്തനായിരുന്നു. പക്ഷേ ഇസ്ലാം അദ്ദേഹത്തിന്ന് ദാരിദ്ര്യത്തിന്റെ സ്ഥാനത്ത്, കിസ്റായുടെയും കൈസറിന്റെയും ഖജാനയെക്കാൾ വലിയ ഭാഗ്യവും ശാരീരികമായ കഴിവ്കുറവിന്ന് പകരം ഏത് സ്വേഛാധിപതിയെയും കീഴ്പെടുത്താനുള്ള മനക്കരുത്തും നൽകി.

മാന്യതയും വിജ്ഞാനവും നൽകി ഇസ്ലാം അദ്ദേഹത്തെ ചരിത്രത്തിന്റെ താളുകളിൽ മുമ്പന്തിയിൽ പ്രതിഷ്ഠിച്ചു.

യാതനയുടെയും വേദനയുടെയും നീറുന്ന കാലഘട്ടത്തിൽ പരിശുദ്ധ ഖുർആൻ സൂക്തങ്ങൾ ഭീകരന്മാരായ ശത്രുക്കളുടെ മുമ്പിൽ ഉച്ചത്തിൽ ഓതി കേൾപ്പിച്ച് അക്രമം സഹിച്ചതിന്റെ പ്രതിഫലമായി അല്ലാഹു കനിഞ്ഞു നൽകിയ സ്ഥാനത്തിന്റെ ദൃഷ്ടാന്തമല്ലേ നബി (ﷺ) യുടെ ഈ അംഗീകാരം.

നബി (ﷺ) പറഞ്ഞു: 'ഇബ്നു മസ്ഊദിന്റെ ഉപദേശം നിങ്ങൾ സ്വീകരിക്കുക, ഖുർആൻ അതിന്റെ അവതരണരൂപത്തിൽ കേൾക്കണമെങ്കിൽ ഇബ്നുമസ്ഊദ് (ﷺ) ഓതുന്നത് കേൾക്കുക. ഖുർആൻ തനതായ രൂപത്തിൽ പാരായണം ചെയ്യാൻ ആഗ്രഹിക്കുന്നവർ ഇബ്നുമസ്ഊദിന്റെ പക്കൽ നിന്ന് പഠിക്കുക'.

ഇബ്നുമസ്ഊദി(ﷺ)ന്റെ ഖുർആൻ പാരായണം കേൾക്കുന്നത് നബി (ﷺ)ക്ക് വലിയ കൗതുകമായിരുന്നു. നബി (ﷺ) ഒരിക്കൽ അദ്ദേഹത്തെ വിളിച്ചു തനിക്ക് ഖുർആൻ ഓതിക്കേൾപ്പിച്ചു തരണമെന്ന് ആവശ്യപ്പെട്ടു.

അദ്ദേഹം ചോദിച്ചു: 'നബിയേ ഞാൻ അങ്ങയ്ക്ക് ഓതി കേൾപ്പിക്കുകയോ?! ഖുർആൻ അവതരിച്ചത് തന്നെ അങ്ങയ്ക്കല്ലേ?'

നബി (ﷺ) പറഞ്ഞു: മറ്റൊരാളുടെ ഓത്ത് കേൾക്കുന്നത് എനിക്ക് വളരെ ഇഷ്ടമാണ്.

ഇബ്നുമസ്ഊദ് (ﷺ) ഓതാൻ തുടങ്ങി. സൂറത്തുന്നിസാഅ് ആയിരുന്നു ഓതിയിരുന്നത്. പരലോകത്തെയും അന്ത്യദിനത്തെയും സ്പർശിക്കുന്ന ഭാഗമെത്തിയപ്പോൾ നബി (ﷺ) പൊട്ടിക്കരഞ്ഞു.

ഖുർആനെ കുറിച്ച് അവഗാഢമായ പാണ്ഡ്യത്യമുണ്ടായിരുന്നു അദ്ദേഹത്തിന്ന്. അദ്ദേഹം പറയുന്നത് നോക്കൂ:

'നബി (ﷺ)യുടെ വായിൽനിന്ന് നേരിട്ട് ഞാൻ എഴുപതോളം സൂക്തങ്ങൾ പഠിച്ചു. ഒരാളും അതിൽ എന്നോട് കിടമത്സരം നടത്തേണ്ടതില്ല.

ഖുർആനിലെ ഓരോ വചനങ്ങളും ഏത് വിഷയത്തെ കുറിച്ചാണ് അവതരിച്ചതെന്ന് എനിക്കറിയാം. അല്ലാഹുവിന്റെ ഗ്രന്ഥത്തെ കുറിച്ച് എന്നെക്കാൾ അറിയുന്ന മറ്റാരുമില്ല. കൂടുതൽ അറിയുന്ന മറ്റാരെ കുറിച്ചു കേട്ടാലും ഞാൻ അയാളുടെ അടുത്ത് എത്തുമായിരുന്നു.'

അദ്ദേഹത്തിന്റെ പാണ്ഡിത്യം സഹാബിമാർ ശരിക്കും മനസ്സിലാക്കിയിരുന്നു.

അബൂമൂസൽ അശ്അരീ(ﷺ) പറയുന്നു:

'ഈ മഹാപണ്ഡിതൻ ജീവിച്ചിരിപ്പുള്ളപ്പോൾ ദീനിന്റെ കാര്യം ഞങ്ങളോട് ചോദിക്കേണ്ടതില്ല.'

ഉമർ(ﷺ) പറയുന്നു: 'ഇബ്നുമസ്ഊദ് പാണ്ഡിത്യത്തിന്റെ നിറകുടമാണ്.'

ഹുദൈഫ പറയുന്നു: 'ഔന്നത്യത്തിലും മാർഗദർശനത്തിലും നടപടിക്രമത്തിലും ഇത്രത്തോളം നബി(ﷺ)യോട് തുല്യതയുള്ള മറ്റൊരാളെയും ഞാൻ കണ്ടിട്ടില്ല. നബി(ﷺ)യുടെ ഭാഗ്യശാലികളായ അനുയായികളിൽ അദ്ദേഹം അല്ലാഹുവിനോട് ഏറ്റവും അടുത്ത ആളാണെന്ന് മനസ്സിലാക്കിയിരുന്നു.'

ഒരു ദിവസം അലി(ﷺ)യും ചില സഹാബിപ്രമുഖരും സംസാരിച്ചുകൊണ്ടിരിക്കുക യായിരുന്നു. സഹാബിമാർ അലി(ﷺ)യോട് പറഞ്ഞു:

'അമീറുൽമുഅ്മിനീൻ, സൽസ്വഭാവം, അഗാധപാണ്ഡിത്യം, നല്ല സഹവർത്തി ത്വം, അപാരഭക്തി എന്നിവയിൽ ഇബ്നുമസ്ഊദിനെ കവച്ചുവെക്കുന്ന മറ്റാരെയും ഞാൻ കണുന്നില്ല.'

അലി ചോദിച്ചു: ഇത് ഹൃദയമറിഞ്ഞുകൊണ്ടുതന്നെയാണോ നിങ്ങൾ പറയുന്നത്?

അവർ പറഞ്ഞു: അതെ.

അലി (ﷺ): അല്ലാഹുവാണ് സത്യം, അദ്ദേഹത്തെ കുറിച്ച് എന്റെ അഭിപ്രായം ഇതി നെക്കാൾ വലുതാണ്. അദ്ദേഹം ഖുർആൻ ഓതുന്നു. ഹലാലും ഹറാമും വേർതി രിച്ചു വിശദീകരിക്കുകയും ചെയ്യുന്നു. സുന്നത്തും ദീനും ശരിക്കുമറിയുന്ന പണ്ഡിതനുമാണദ്ദേഹം!'

തന്റെ മറ്റു സ്നേഹിതന്മാർക്കും ലഭിക്കാത്ത പല ഭാഗ്യങ്ങളും അദ്ദേഹത്തിന് നബി (ﷺ)യിൽ നിന്ന് ലഭിച്ചു. നബി (ﷺ)യുടെ മനസ്സാക്ഷിസൂക്ഷിപ്പുകാരൻ എന്നർത്ഥം വരുന്ന സാഹിബുസ്സവാദ് എന്ന് അവർ അദ്ദേഹത്തെ വിളിച്ചിരുന്നു. നബി (ﷺ) യുടെ വ്യക്തി ജീവിതവുമായി ഇബ്നുമസ്ഊദ് (ﷺ) അത്രമാത്രം അടുത്ത് ബന്ധം പുലർത്തിയിരുന്നു. എപ്പോഴും നബി (ﷺ)യുടെ വീട്ടിൽ അദ്ദേഹം ഉണ്ടാകും. എപ്പോഴും അവിടെ കടന്നുചെല്ലാൻ അനുവാദവുമുണ്ടായിരുന്നു.

യാത്രയിലായാലും നാട്ടിലായാലും നബി(ﷺ)യുമായി അദ്ദേഹം അടുത്തുസഹവ സിച്ചു. എല്ലാ യുദ്ധങ്ങളിലും സംബന്ധിക്കുകയും ചെയ്തു. ഇസ്ലാമിന്റെ കഠിന ശത്രുവായ അബൂജഹലിന്റെ വധത്തിൽ അദ്ദേഹത്തിന് പങ്കുണ്ടായിരുന്നു.

ഉമർ (ﷺ) തന്റെ ഖിലാഫത്ത് കാലത്ത് അദ്ദേഹത്തെ കൂഫയിലെ ബൈത്തുൽമാ ലിന്റെ അധിപനായി നിശ്ചയിച്ചു. കൂഫാ നിവാസികളെ ഇങ്ങനെ ഉപദേശിക്കു

കയും ചെയ്തു: 'എന്റെ ഏറ്റവും പ്രിയപ്പെട്ട ഒരു സ്നേഹിതനെയാണ് ഞാൻ അങ്ങോട്ട് നിയോഗിച്ചിരിക്കുന്നത്. അദ്ദേഹത്തിൽ നിന്ന് നിങ്ങൾ വിജ്ഞാനം നേടുകയും ദീൻ പഠിക്കുകയും ചെയ്യുക.'

മറ്റാർക്കും നേടാൻ കഴിയാത്തവിധം അവിടുത്ത ജനങ്ങളുടെ പ്രീതി അദ്ദേഹം കര സ്ഥമാക്കി. കൂഫക്കാരുടെ ഏകകണ്ഠമായ പ്രീതിക്കു ഭാജനമാവുക എന്നത് അസംഭവ്യമായിരുന്നു!

ഉസ്മാൻ (ﷺ) തന്റെ ഭരണകാലത്ത് അദ്ദേഹത്തെ കൂഫയിൽ നിന്ന് സ്ഥാനഭ്രഷ്ട നാക്കി. കൂഫക്കാർ അദ്ദേഹത്തോട് അവിടെ തന്നെ നിൽക്കാൻ ആവശ്യപ്പെടു കയും അദ്ദേഹത്തിന് ആവശ്യമായ സംരക്ഷണം നൽകാമെന്ന് വാഗ്ദത്തം ചെയ്യു കയുമുണ്ടായി.

അതിന്ന് അദ്ദേഹം നൽകിയ മറുപടി അദ്ദേഹത്തിന്റെ നേതൃബഹുമാനത്തെയും അച്ചടക്കത്തെയും വിളിച്ചോതുന്നു.

അദ്ദേഹം പറഞ്ഞു: ഉസ്മാനെ (ﷺ) അനുസരിക്കേണ്ടത് എന്റെ കർത്തവ്യമാകു ന്നു. നാട്ടിൽ ചില അസ്വസ്ഥതകളും വിനാശങ്ങളും തലപൊക്കാൻ അവസരമായി ട്ടുണ്ടെങ്കിലും, എന്നെക്കൊണ്ട് അതിന്റെ തുടക്കം കുറിക്കുന്നത് ഞാനിഷ്ടപ്പെടു ന്നില്ല.

ഉസ്മാനും(ﷺ) അദ്ദേഹവും തമ്മിലുണ്ടായിരുന്ന അഭിപ്രായ വ്യത്യാസം അതിന്റെ മൂർദ്ധന്യ ദശയിലെത്തി. അദ്ദേഹത്തിന് ബൈത്തുൽ മാലിൽ നിന്നുണ്ടായിരുന്ന ആനുകൂല്യങ്ങൾ ഉസ്മാൻ(ﷺ) തടഞ്ഞു. എന്നിട്ടും അദ്ദേഹം ഖലീഫയെ കുറിച്ച് ഇഷ്ടമില്ലാത്ത ഒരു വാക്കുപോലും ഉപയോഗിച്ചില്ല! മാത്രമല്ല, തന്റെ അഭിപ്രായ വ്യത്യാസം നിലനിൽക്കെതന്നെ ഖലീഫയെക്കുറിച്ച് കേൾക്കുന്ന അടിസ്ഥാനരഹി തമായ ആരോപണങ്ങൾക്ക് അദ്ദേഹം മറുപടി പറയുകയും ചെയ്തിരുന്നു.

ഉസ്മാൻ(ﷺ)ന്റെ വധത്തെക്കുറിച്ച് കേട്ടപ്പോൾ അദ്ദേഹം പറഞ്ഞു: 'ഉസ്മാനെ പോലു ഒരു നല്ല ഖലീഫയെ ഇനി അവർക്കു ലഭിക്കുകയില്ല.'

നബി (ﷺ) സ്വർഗ്ഗംകൊണ്ടു സുവിശേഷമറിയിച്ച മഹാന്മാരായ സഹാബിമാരിലൊ രാളായിരുന്നു ഇബ്നുമസ്ഊദ്(ﷺ).

നബി (ﷺ)യുടെയും ഖലീഫമാരുടെയും കാലത്ത് നടന്ന എല്ലാ സുപ്രധാന യുദ്ധ ങ്ങളിലും അദ്ദേഹം പങ്കെടുത്തു. പേർഷ്യൻ, റോമാ യുദ്ധങ്ങളിലും അദ്ദേഹം പങ്കു കൊണ്ടു.

ഇസ്‌ലാമിന്റെ സുവർണ്ണദശയിൽ അനുഗ്രഹീതമായ വിജയങ്ങൾ കൺകുളിർക്കെ കണ്ടുകൊണ്ട് ആ പുണ്യവ്യക്തി മൺമറഞ്ഞു.